പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3056 — 15/12/2015 ൽ മറുപടിക്ക്

# പുരാതന റവന്യൂ രേഖകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പുരാതന റവന്യൂ രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) ഇ-രേഖ പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റിക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ്, ടച്ച് സ്ക്രീൻ കിയോസ്ക് എന്നിവയുടെ സഹായത്താൽ "Online payment gateway" വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വെ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും, സുതാര്യവും ആക്കുന്നതിനും കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ ഭൂമികേരളം പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-ാമത് എംപവേർഡ് കമ്മിറ്റിയിൽ സർവെ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി. യിൽ ഉൾപ്പെടുത്തി |

ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 12 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വെ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ സംവിധാനവും നൽകുന്നതിനും 9-ാം എംപവേർഡ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇ ടെണ്ടർ മുഖാന്തിരം സർവർ വാങ്ങുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. കൂടാതെ ജില്ലാതലങ്ങളിലുള്ള റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റെക്കോർഡ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ